**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70** **07-12-2022 - ൽ മറുപടിയ്ക്ക്**

**കസ്തൂരിരംഗൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പശ്ചിമഘട്ട സംരക്ഷണം സംബന്ധിച്ച കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള അന്തിമ വിജ്ഞാപനം ആറ് മാസത്തിനകം പുറപ്പെടുവിക്കുമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ലഭിച്ചിട്ടില്ല |
| (ബി) | സംസ്ഥാനത്തെ 123 വില്ലേജുകൾ എക്കോളജിക്കലി സെൻസിറ്റീവ് ഏരിയ ആയി പ്രഖ്യാപിക്കണമെന്ന റിപ്പോർട്ടിലെ ശിപാർശ സംബന്ധിച്ച സർക്കാർ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്.<br><br>സംസ്ഥാനത്തെ പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശം (ESA) റിസർവ്ഫോറസ്റ്റ്, സംരക്ഷിത പ്രദേശങ്ങൾ, പൈതൃക സ്ഥലങ്ങൾ എന്നിവയിൽ മാത്രമായി പരിമിതപ്പെടുത്തിയും, ജനവാസ മേഖലകൾ, തോട്ടങ്ങൾ, കൃഷിസ്ഥലങ്ങൾ, ജലാശയങ്ങൾ, പാറക്കെട്ടുകൾ ഒഴിവാക്കിയും നിശ്ചയിക്കണം എന്നുള്ളതാണ് സർക്കാർ നിലപാട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്ത് പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശമായി നിശ്ചയിക്കാവുന്ന വില്ലേജുകളുടെ ജിയോ-കോഓർഡിനേറ്റഡ് മാപ്പ് ഉൾപ്പെടെയുള്ള പ്രൊപ്പോസൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. 92 വില്ലേജുകളിലായി 8656.46 ച.കി.മീ പ്രദേശത്ത് മാത്രമായി ESA പരിമിതപ്പെടുത്തണമെന്നാണ് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുള്ളത്. ESA വില്ലേജുകളുടെ അതിർത്തി നിർണ്ണയത്തിൽ അപാകത സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്.<br><br>ESA സംബന്ധിച്ചുള്ള അന്തിമ വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന സർക്കാർ 123 വില്ലേജുകളെ കോർ, നോൺ കോർ എന്നിങ്ങനെ 92:31 എന്ന അനുപാതത്തിൽ തരംതിരിച്ചിട്ടുണ്ടോ; എങ്കിൽ ഏതിന്റെ അടിസ്ഥാനത്തിൽ; വിശദാംശം അറിയിക്കുമോ; | (സി) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പശ്ചിമഘട്ട സംസ്ഥാനങ്ങളുടെ പ്രതിനിധികളുമായി 05-10-2021 ൽ നടത്തിയ മീറ്റിംഗിൽ ESA വിജ്ഞാപനത്തിനായി കോർ, നോൺ കോർ ESA എന്ന പുതിയ ആശയം അവതരിപ്പിച്ചിരുന്നു. |
| (ഡി) | പരിസ്ഥിതിലോല മേഖലയിൽ നിന്ന് ജനവാസ കേന്ദ്രങ്ങൾ, കൃഷിഭൂമികൾ, തോട്ടങ്ങൾ എന്നിവ ഒഴിവാക്കണമെന്ന സംസ്ഥാനത്തിന്റെ പ്രഖ്യാപിത നിലപാട് നേടിയെടുക്കുവാൻ ഉറച്ച നടപടി സ്വീകരിക്കുമോ; അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്.<br><br>പരിസ്ഥിതിലോല മേഖലയിൽ (ഇക്കോ സെൻസിറ്റീവ് സോണിൽ) ഉൾപ്പെടുന്ന സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച ഭൗതിക സ്ഥലപരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് ഒരു വിദഗ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ